(എച്ച്) ഉപചോദ്യം (എ) യുടെ മറുപടിയിൽ സൂചിപ്പിച്ചിട്ടുള്ള നിയമ ഭേദഗതി നടപടി നിർദ്ദേശങ്ങൾ സജീവ പരിഗണനയിലാണ്. ഇക്കാര്യത്തിൽ തീരുമാനമാകുന്ന മുറയ്ക്ക് ശ്രീ. മുജീബിന്റെ നിയമനക്കാര്യത്തിലും അടിയന്തരമായി തീരുമാനമെടുക്കുന്നതാണ്.

മ്യൂസിയങ്ങളുടെ സമഗ്രവികസനം

72 (4680) ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പ്രധാനപ്പെട്ട മ്യൂസിയങ്ങളുടെ സമഗ്ര വികസനം സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത് ; വിശദമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) തിരുവനന്തപുരം മൃഗശാല വകുപ്പിന്റെ കീഴിലുള്ള നാപ്പിയർ മ്യൂസിയത്തിന്റെ സമഗ്രവികസനത്തിനായി ഒരു പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി അപ്രകാരം വികസനപദ്ധതി നടപ്പിലാക്കി വരുന്നു. പ്രസ്തുത കെട്ടിടത്തിന്റെ ഡോക്യുമെന്റേഷൻ ജോലികൾ പൂർത്തിയായി. പ്രദർശനവസ്തുക്കളുടെ കൺസർവേഷൻ പൂർത്തിയാകാറായി. കെട്ടിടത്തിന്റെ റിസ്റ്റോറേഷനും ലാന്റ് സ്കേപ്പിംഗും സൗന്ദര്യവൽക്കരണവും തുടങ്ങി കഴിഞ്ഞു. തിരുവനന്തപുരം ശ്രീ ചിത്രാആർട്ട് ഗ്യാലറിക്ക് ആധുനിക സങ്കല്പങ്ങൾക്കനുസൃതമായി ഒരു പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് 3 കോടി രൂപയുടെ പ്രോജക്ട് പ്രൊപ്പോസൽ കേന്ദ്ര സഹായം ലഭ്യമാക്കുന്നതിനുവേണ്ടി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. കൂടാതെ ശ്രീചിത്രാ ആർട്ട് ഗ്യാലറിയിലെ രവിവർമ്മ ചിത്രങ്ങളുടെ കൺസർവേഷനും ആർട്ട് ഗ്യാലറി കെട്ടിടത്തിന്റെ പുനരുദ്ധാരണത്തിനുമുള്ള പദ്ധതികൾ നടപ്പിലാക്കാനുള്ള പദ്ധതികൾ തുടങ്ങിക്കഴിഞ്ഞു.

പുരാവസ്തുവകുപ്പിന്റെ അധീനതയിലുള്ള തക്കല പത്മനാഭപുരം കൊട്ടാരം, കായകുളം കൃഷ്ണപുരം കൊട്ടാരം, തൃപ്പൂണിത്തുറ ഹിൽപാലസ് മ്യൂസിയം, തൃശ്ശൂർ പുരാവസ്തു മ്യൂസിയം, ശക്തൻ തമ്പുരാൻ മ്യൂസിയം, കോഴിക്കോട് പഴശ്ശിരാജാ മ്യൂസിയം, കോയിക്കൽ കൊട്ടാരം, നെടുമങ്ങാട് എന്നിവയുടെ സമഗ്രമായ സംരക്ഷണ വികസനപണികൾ നടത്തി വരികയാണ്. മ്യൂസിയങ്ങൾ ശാസ്ത്രീയമായരീതിയിൽ സന്ദർശകരെ ആകർഷിക്കത്തക്കവിധം ലൈറ്റിംഗ് സംവിധാനം നൽകി സജ്ജീകരിക്കുക, കെട്ടിടങ്ങളുടെ സംരക്ഷണപണികൾ യഥാ സമയം ചെയ്തു തീർക്കുക. മ്യൂസിയം വളപ്പുകൾ ലാന്റ്സ്കേപ്പ് തയ്യാറാക്കി മനോഹരമാക്കുക, സന്ദർശകർക്ക് കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുക എന്നിവ പദ്ധതി വിഹിതം ഉപയോഗിച്ച് നടത്തി വരുന്നു. തൃശ്ശൂർ ശക്തൻ തമ്പുരാൻ കൊട്ടാരവളപ്പിൽ ഒരു പുരാവസ്തു ഗാർഡൻ സജ്ജീകരിക്കുന്ന പണികൾ അവസാനഘട്ടത്തിലാണ്. വിവിധ മ്യൂസിയങ്ങളിൽ ഡോക്യുമെന്റേഷൻ പബ്ലിക്കേഷൻ, ലൈബ്രറി കൺസർവേഷൻ ലാബ് സജ്ജീകരിക്കൽ എന്നീ പണികൾ കേന്ദ്രസഹായത്തോടെ നടത്തിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly